## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 802** — **30.06.2015- ൽ** മറുപടി.

### പുതിയ മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകൾ ഏതൊക്കെയാണ്; അവയുടെ ഓരോന്നിന്റെയും നിർമ്മാണ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകൾ ചുവടെ പരാമർശിക്കുന്നവയാണ്.<br>1. ഗവൺമെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി, മലപ്പുറം 2012-ൽ ആരംഭിച്ചു. 100 എം.ബി.ബി.എസ് അഡ്മിഷൻ 2013-ലും 2014ലും നടന്നു.<br>2. ഗവൺമെന്റ് മെഡിക്കൽ കോളേജ്, ചെറുതോണി, ഇടുക്കി 50 എം.ബി.ബി.എസ് പ്രവേശനത്തോടുകൂടി 2014-ൽ ആരംഭിച്ചു.<br>ഇവ കൂടാതെ കോന്നിയിലും, കാസർഗോഡ് ജില്ലയിൽ ബദിയടുക്കയിലും, തിരുവനന്തപുരം ജനറൽ ആശുപത്രിയിലും പുതിയ സർക്കാർ മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ പ്രവർത്തനം നടന്നുവരുന്നു. |
| (ബി) സ്വകാര്യ പങ്കാളിത്തത്തോടെ ആരംഭിച്ചവ ഏതൊക്കെയാണ്; അവയോരോന്നിലും സർക്കാർ നടത്തിയ നിക്ഷേപം എത്ര കോടി വീതമാണ്; | (ബി) സ്വകാര്യ പങ്കാളിത്തത്തോടുകൂടി മെഡിക്കൽ കോളേജ് ആരംഭിച്ചിട്ടില്ല. |
| (സി) പി.പി.പി മോഡലിൽ ആരംഭിച്ച മെഡിക്കൽ കോളേജിന് സർക്കാർ വക സ്ഥലം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വ്യവസ്ഥയിലാണെന്ന് വിശദമാക്കാമോ? | (സി) പി.പി.പി മോഡലിൽ മെഡിക്കൽ കോളേജ് ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ